LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിരാ ആവാസ് യോജന പദ്ധതി

185(477) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷങ്ങളിൽ (2006-2010) സംസ്ഥാനത്ത് ജില്ലാതലത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽമാത്രം എത്ര വീടുകൾ നിർമ്മിച്ചു നൽകി എന്ന് വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ, പൊതുവിഭാഗങ്ങൾക്ക് പ്രസ്തുത പദ്ധതി പ്രകാരം നൽകുന്ന തുക വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷങ്ങളിൽ (2006-10) സംസ്ഥാനത്ത് ജില്ലാതലത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി കൊടുത്തിരിയ്ക്കുന്നു.*

(ബി) പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ മൊത്തം 18,518 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(സി) ഇന്ദിരാ ആവാസ് യോജന പ്രകാരം ഒരു വീട് നിർമ്മിക്കുന്നതിന് അനുവദനീയമായ തുക നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. ആയതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. സംസ്ഥാനത്ത് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ത്രിതല പഞ്ചായത്തുകളിൽനിന്നും അധിക സഹായം നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഐ.എ.വൈ. പദ്ധതി പ്രകാരം ലഭ്യമാകുന്ന കേന്ദ്ര-സംസ്ഥാന വിഹിതമായ 48,500 രൂപ ഉൾപ്പെടെ സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 1,00,000 രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1,25,000 രൂപയും പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് 75,000 രൂപയും നൽകിവരുന്നുണ്ട്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

186(478) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നഗരങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനാവശ്യമായ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) അയ്യൻകാളിയുടെ നാമധേയത്തിലുള്ള നഗരതൊഴിലുറപ്പ് പദ്ധതി ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.